[Mr. P. C. Adichan]

കഷ്ടനഷ്ടങ്ങളും ഉണ്ടാകുന്നതായി ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും സദയം പറയാമോ ?

HON'BLE MR. V. O. MARKOS : വിളവുനാശവും ജീവാപായവും തേക്കിൻതോട്ടപ്രദേശങ്ങളേക്കാൾ തേക്കിൻതോട്ടങ്ങൾ അല്ലാത്ത പ്രദേശങ്ങളിൽനിന്നുമാണ് ക്രൂതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കാട്ടാനശല്യംമൂലം ജീവാപായം സംഭവിച്ചതായി ഒരു കേസുമാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. ഇത് തേക്കിൻതോട്ടങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണെന്നു വിചാരിക്കാൻ കാരണമില്ല. ഇപ്രകാരമുള്ള കാട്ടാനശല്യങ്ങൾ തേക്കിൻതോട്ടങ്ങളില്ലാത്ത പ്രദേശങ്ങളിൽനിന്നും ക്രൂതലായിട്ടും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. വനങ്ങളിലോ സമീപത്തോ ഉള്ള കൃഷി ആനകളെ ആകർഷിക്കുകയും ശല്യംചെയ്യുന്നതിനു പ്രേരണനൽകുകയും ചെയ്യുന്നു. പ്രസ്താവിതമായ പ്രദേശങ്ങളിൽ ആൾപാർപ്പു വിരളവും അതു കാട്ടാനകളുടെ സാന്നിദ്ധ്യത്തിനു മറ്റൊരു കാരണവുമാകുന്നു.

ഫീസ് സൗജന്യം.

*172. **MR. P. C. ADICHAN :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ ?

(എ) പരിശുദ്ധിച്ച ഫീസ് സൗജന്യപ്പട്ടികയിൽ 0 @.0 ശതമാനം സാക്ഷരതയുള്ള പല സമുദായങ്ങൾക്കും ഫീസ് സൗജന്യം നൽകുകയും ഫൻ.0 ശതമാനം മാത്രം സാക്ഷരതയുള്ള വർണ്ണവസമുദായത്തെ ഫീസു സൗജന്യപ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്തിരിക്കുന്നതു എന്തുകൊണ്ടാണെന്ന് പ്രസ്താവിക്കാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

(ബി) അതുസംബന്ധിച്ചു ഗവണ്മെൻറു് ആർഡറിന്റെ കാപ്പി സഹിതം വല്ല മെമ്മോറിയലും ബഹുമാനപ്പെട്ട ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN : (എ) അവരെ ഒരു പ്രത്യേക സമുദായമായി പരിഗണിച്ചിട്ടില്ലാത്തതുകൊണ്ടു് ഫീ കൺസെഷൻ അനുവദിച്ചിട്ടില്ല.

(ബി) ഉണ്ടു്.

MR. P. C. ADICHAN : അവരെ ഒരു പ്രത്യേക സമുദായമായി ഗണിച്ചു് ഒരു സംഘടന രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുണ്ടെന്നു് ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഒരു പ്രത്യേക സമുദായമായി പരിഗണിച്ചതിന് പ്രത്യേക ഉത്തരവുകൾ ഉള്ളതായി അറിവില്ല.

MR. P. C. ADICHAN : അവർ ഒരു പ്രത്യേക സമുദായമായി ഒരു സംഘടന രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിനെ ബോധ്യപ്പെടുത്തിയാൽ മറ്റു സമുദായങ്ങൾക്ക് അതായത്, അതിനേക്കാൾ സാക്ഷരതപോലുള്ള സമുദായങ്ങൾക്കുപോലും കൊടുത്തുകൊണ്ടിരിക്കുന്ന സൗജന്യങ്ങൾ അവക്കും കൊടുക്കുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : ചട്ടപ്രകാരം കൊടുക്കാവുന്നതാണെങ്കിൽ കൊടുക്കാം.

SHORT NOTICE QUESTION.

Assistant Superintendent, Home Section.

* 173. MISS ANNIE MASCARENE : Will the Honourable Minister for Home Section be pleased to state;

(*a*) when was the Assistant Superintendent to Home Section Mr. Prabhakaran Nair enlisted in service;

(*b*) what is his salary; and

(*c*) How many people's legitimate claims were overlooked to give him his present position ?

MR. MANNAR GOPALAN NAIR : Sir, before that question is asked I wish to raise a point of order.

ഈ ചോദ്യത്തിനു വിഷയമായിട്ടുള്ള സംഗതി ഈ സെഷൻ തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ നടന്നിട്ടുള്ളതാണ്. അങ്ങനെയുള്ള ഒരു കാര്യത്തെ സംബന്ധിച്ച് ഇങ്ങനെ അടിയന്തിരമായി ഷാർട്ടുനോട്ടീസ് ചോദ്യം ചോദിക്കാവുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : It has been allowed anyway, and as such it cannot be questioned now.

HON'BLE MR. T. K. NARAYANA PILLAI : (*a*) There was no appointment made as Assistant Superintendent. Mr. Prabhakaran Nair entered service in the Secretariat on 11-8-1123.

(*b*) His present salary is Rs. 125/- in the scale of Rs. 100-5-125 plus allowances including Rs. 20 which he gets as senior clerk in the section.

(*c*) It is a case of direct recruitment and in such cases there is no question of overlooking the claims of any one.

MISS ANNIE MASCARENE : ഇതിനെസംബന്ധിച്ച് ഗവണ്മെൻറിനു പരാതികൾ കിട്ടിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അനേകം പരാതികൾ സെക്രട്ടറിയേറ്റിലെ ക്ലാർക്കന്മാരിൽനിന്നതന്നെ കിട്ടിയിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly